പരിഷ്ക്കരണത്തിന് അന്തിമ രൂപം നൽകിയത് എന്തടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പാഠപുസ്തക പരിഷ്ക്കരണവുമായി ബന്ധപ്പെട്ട ശില്പശാലകളിൽ നിന്ന് സമിതിയംഗങ്ങളായ ഒരു വിഭാഗം അദ്ധ്യാപകരെ മാറ്റി നിർത്തുന്നതിന് ഉത്തരവാദിയായ ബന്ധപ്പെട്ട റിസർച്ച് ഓഫീസർക്കെതിരെ എന്തു നടപടി സ്വീകരിച്ചു ;

(സി) മുമ്പ് എസ്.സി.ഇ.ആർ.ടി.യിലെ മലയാള പാഠപുസ്തകങ്ങളുടെ നിർമ്മാണച്ചുമതല വഹിച്ചിരുന്നതും സർവ്വീസിൽ നിന്ന് പിരിഞ്ഞതുമായ ഒരു ഉദ്യോഗസ്ഥനെ, പരിഷ്ക്കരിച്ചതും ഇപ്പോൾ വിവാദവുമായ പാഠപുസ്തക നിർമ്മാണ സമിതിയിൽ ഉൾപ്പെടുത്തുന്നതിനും എസ്.സി.ഇ.ആർ.ടി.യുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടുത്തുന്നതിനും വിദ്യാഭ്യാസ വകുപ്പ് എന്തു മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പത്താംക്ലാസ്സിലെ മലയാള പാഠപുസ്തക സമിതിയിൽ നിന്ന് പാഠപുസ്തക രചന പൂർത്തിയാക്കുന്നതുവരെയും ആരെയും ഒഴിവാക്കിയിട്ടില്ല. പാഠപുസ്തക രചനയുടെ ഭാഗമായ വിദഗ്ദ്ധ സമിതിയോഗത്തിലും കരിക്കുലം സബ് .കമ്മിറ്റിയിലും രചനാ സമിതിയിലെ ഒന്നോ രണ്ടോ പ്രതിനിധികളെ മാത്രമേ ഉൾപ്പെടുത്താറുള്ളു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഓരോ പാഠപുസ്തക സമിതിയിലും അതത് വിഷയങ്ങളിലെ വിദഗ്ദ്ധരെയും സ്കൂൾ അധ്യാപകരെയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എസ്.സി.ഇ.ആർ.ടി.യിൽ നിന്ന് റിട്ടയർ ചെയ്ത ഫാക്കൽറ്റി അംഗങ്ങളുടെ സേവനം പാഠപുസ്തക സമിതികളിൽ പ്രയോജനപ്പെടുത്തി വരുന്നുണ്ട്. എസ്.സി.ഇ.ആർ.ടി.യുടെ ദൈനംദിന പ്രവർത്തനങ്ങളിൽ പുറത്തു നിന്നുള്ള ആരെയും ഇടപെടുത്താറില്ല.

എസ്.സി.ഇ.ആർ.ടി., ഓപ്പൺ സ്കൂൾ എന്നിവിടങ്ങളിൽ നിയമിക്കപ്പെട്ട വ്യക്തികളുടെ പൂർണ്ണവിവരം

27 (2030) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എസ്.സി.ഇ.ആർ.ടി., ഓപ്പൺ സ്കൂൾ എന്നിവിടങ്ങളിൽ ഈ സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെട്ട വ്യക്തികളുടെ പേര്, തസ്തിക, ശമ്പളം എന്നിവ വിശദമാക്കുമോ ;

(ബി) ഇവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നാണോ, പി.എസ്.സി. വഴിയാണോ നിശ്ചയിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവരെ സ്ഥിരപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) എസ്.സി.ഇ.ആർ.ടി.യിൽ അധ്യാപക ജീവനക്കാരായി 9 പേരെ ഡെപ്യൂട്ടേഷനിലും ഒരാളെ കരാർ നിയമനത്തിലും അധ്യാപകേതര ജീവനക്കാരായി 52 പേരെ ഡെപ്യൂട്ടേഷനിലും 37 പേരെ കരാർ/ദിവസവേതനാടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ ഡെപ്യൂട്ടേഷനിൽ 10 ജീവനക്കാരെയും കരാർ അടിസ്ഥാനത്തിൽ 75 പേരെയും നിയമിച്ചിട്ടുണ്ട്. (വ്യക്തികളുടെ പേര്, തസ്തിക, ശമ്പളം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.) *

(ബി) അല്ല.

(സി) പരിശോധിച്ചുവരുന്നു.

മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ

28 (2031) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ലേണിംഗ് സെന്ററുകൾ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ;

(സി) നിലവിലെ എം.ജി.എൽ.സി.കളെ ലോവർ പ്രൈമറി സ്കൂളുകളായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)

ജില്ല	എം.ജി.എൽ.സികളുടെ എണ്ണം
(1)	(2)
തിരുവനന്തപുരം	30
കൊല്ലം	3
പത്തനംതിട്ട	12
ഇടുക്കി	88
എറണാകുളം	18
എറണാകുളം മെട്രോ	4

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly